**മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ**

16 (6721) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞവർഷം മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനത്ത് എത്ര ജീവനക്കാരെയാണ് നിയമിച്ചത് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഈ ജീവനക്കാർക്ക് കഴിഞ്ഞ 7 വർഷമായി വേതനം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിൽ നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാർക്ക് വേതനം കൊടുക്കുവാൻ തുക ആവശ്യപ്പെട്ട് ഡി.എം.ഒ. റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർക്ക് എത്രയുംവേഗം ശമ്പളം കൊടുത്തു തീർക്കുമോ ?

ഉത്തരം

(എ) മഴക്കാല രോഗപ്രതിരോധത്തിനായി താൽക്കാലികമായി നിയമിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 7 വർഷമായി വേതനം ലഭിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ 8 മാസമായി വേതനം നൽകുവാൻ സാധിച്ചിട്ടില്ല എന്ന വിവരങ്ങൾ എല്ലാ മെഡിക്കൽ ആഫീസുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ നിന്നും വേതനം നൽകുന്നതിനുവേണ്ടി ഫണ്ടുകൾ ആവശ്യപ്പെട്ടുകൊണ്ട് കത്തുകൾ ലഭിച്ചിട്ടുണ്ട്.

(ഡി) ശമ്പള കുടിശ്ശിക നൽകുന്നതിനുവേണ്ടി സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് മുഖേന ഫണ്ട് അനുവദിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഫണ്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ശമ്പളം കൊടുത്തുതീർക്കുന്നതാണ്.

**പകർച്ചവ്യാധികൾ നിയന്ത്രണ വിധേയമാക്കാൻ നടപടി**

17 (6722) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ചപ്പനിയും മാറാരോഗങ്ങളും പടർന്നു പിടിക്കുന്നത് നിയന്ത്രണ വിധേയമാക്കാൻ ഹെൽത്ത് സെന്ററുകളിൽ ആവശ്യത്തിന് ഡോക്ടർമാരും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരും രോഗികൾക്കുവേണ്ട സൗജന്യമരുന്നുകളും കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സംഘടനകൾ പരാതികളുമായി സർക്കാരിനെ സമീപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു ;

(ഡി) ഡോക്ടർ ഇല്ലെന്ന കാരണത്താൽ സംസ്ഥാനത്ത് എത്ര പി.എച്ച്.സി.-കളുടെ പ്രവർത്തനം നിലച്ചു ; വിശദമാക്കുമോ ;

(ഇ) കാലാവസ്ഥ വ്യതിയാനംമൂലം റൂബല്ലയോട് സാമ്യമുള്ള വൈറസ് രോഗം അടക്കം എന്തെല്ലാം രോഗങ്ങൾ പടർന്നു പിടിച്ചു എന്നും, പ്രസ്തുത രോഗങ്ങൾ നിയന്ത്രണവിധേയമാക്കാൻ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്നും ഇതുമൂലം സംസ്ഥാനത്ത് 2014 ജനുവരി മുതൽ നാളിതുവരെ എത്രപേർ മരണപ്പെട്ടു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) ഇത്തരത്തിൽ പി.എച്ച്.സി.കളുടെ പ്രവർത്തനം നിലച്ചിട്ടില്ല. ഡോക്ടർമാരുടെ തസ്തിക ഒഴിവുള്ള പി.എച്ച്.സി.കളിൽ അഡ്ഹോക്ക് വ്യവസ്ഥയിലോ എൻ.ആർ.എച്ച്.എം. വഴിയോ നിയമിക്കുന്നുണ്ട്. കൂടാതെ മറ്റ് പി.എച്ച്.സി./സി.എച്ച്.സി.-കളിലെ ഡോക്ടർമാർക്ക് ചാർജ് നൽകി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ പ്രധാന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ഇ) ഈ വർഷം റൂബെല്ലയും മീസിൽസും മൂലമുള്ള മരണമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. കാലാവസ്ഥാ വ്യതിയാനം മൂലം റൂബെല്ലാ/മീസിൽസ് രോഗം വർദ്ധിച്ചിട്ടില്ല. മീസിൽസ്/റൂബെല്ലാ രോഗം നിയന്ത്രണ വിധേയമാക്കാൻ സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും 1st ബൂസ്റ്റർ ഡോസിനൊപ്പം എം.എം.ആർ. വാക്സിൻ നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ കൗമാര പ്രായക്കാരായ എല്ലാ പെൺകുട്ടികൾക്കും റൂബെല്ലാ വാക്സിൻ നൽകിവരുന്നു.

**പ്രതിരോധനിയന്ത്രണ സെല്ലിന്റെ പ്രവർത്തനങ്ങൾ**

**18 (6723)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രതിരോധ നിയന്ത്രണ സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത സെൽ അടച്ചുപൂട്ടുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly